## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 17.12.2025 മുതൽ 21.12.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 50/2025 (100) ചൊവ്വാഴ്ച | തീയ്യതി 16/12/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 17.12.2025 | 18.12.2025 | 19.12.2025 | 20.12.2025 | 21.12.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 3 | 4 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 250 | 290 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 5 | 3 | 3 | 3 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതുനിർദേശങ്ങൾ:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) കതിരു വരുന്ന പരുവം | ഇലചുരുട്ടി പുഴ | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടി പുഴുവിനെ കാണാൻ സാധ്യതയുണ്ട്. വരമ്പ് ചെത്തി വൃത്തിയാക്കുകയും കളകളെ നിയന്ത്രിക്കുകയും ചെയ്യുക. ശലഭങ്ങളെ കണ്ടുതുടങ്ങുമ്പോൾ ട്രൈക്കോഗ്രാമ കൈലോണിസ് എന്ന പരാദത്തിൻറെ മുട്ടകാർഡുകൾ (ഒരു ഹെക്ടറിലേക്ക് 5cc കാർഡ്) ഉപയോഗിക്കുക. വിളക്കുകെണികൾ സ്ഥാപിക്കുക. |
| വൃക്ഷ വിളകൾ | പിങ്കോഗ്രാം | ചൂട് കൂടിവരുന്നതിനാൽ വൃക്ഷവിളകളിൽ പിങ്കോഗ്രാം രോഗം കാണാൻ സാധ്യതയുണ്ട്. ഹെക്സകൊണസോൾ 5 ഇ.സി. 2 മി.ലി. ഒരു ലി. വെള്ളത്തിൽ ലയിപ്പിച്ച തളിക്കുക. മഴ മാറിയശേഷം രോഗബാധിതമായ ഭാഗങ്ങൾ മുറിച്ച മാറ്റിയശേഷം മുറിവിൽ 10% ബോർഡോമിശ്രിതം അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് (10 ഗ്രാം./ലി.) തേച്ചുകൊടുക്കുക. |
| ശീതകാല പച്ചക്കറികൾ | പരിചരണം | ചൂട് കൂടിവരുന്നതിനാൽ, കാബേജ്, കോളിഫ്ലവർ എന്നിവയ്ക്ക്മഴയില്ലെങ്കിൽ ഹെഡ്/ കർഡ് (ഭക്ഷ്യയോഗ്യമായഭാഗം) രൂപപ്പെടുന്നതുവരെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ആവശ്യാനുസരണം ജലസേചനം നൽകാവുന്നതാണ്. കോളിഫ്ലവറിൻറ്റെ കർഡ്വന്നുതുടങ്ങി പകുതി മൂപ്പെത്തുമ്പോൾ സൂര്യപ്രകാശം ഏറ്റ്നിറം മഞ്ഞളിക്കാതിരിക്കാൻ ചുറ്റുമുള്ള 3-4 ഇലകൾ കൂട്ടിച്ചേർത്തു കെട്ടി കൊടുക്കാവുന്നതാണ്. |
| മഞ്ഞൾ, പയർ, ചേന | സ്ക്ലീറോഷ്യം (ചീയൽരോഗം) | രോഗം ബാധിക്കാത്ത നടീൽ വസ്തുക്കൾ ഉപയോഗിക്കുക. രോഗബാധയുണ്ടായിരുന്ന സ്ഥലങ്ങളിൽ നിന്നും വിത്തുകൾ ശേഖരിക്കുകയാണെങ്കിൽ 0.2% മാങ്കോസബ്/ കാർബൻഡാസിം അല്ലെങ്കിൽ ട്രൈക്കോഡെർമ്മ (5ഗ്രാം / കി.ഗ്രാം. വിത്ത്) ചാണക പാലിൽ ലയിപ്പിച്ചത്, 0.7% നന്മ എന്നിവയിലേതിലെങ്കിലും പരിചരിച്ച്തണലിലുണക്കി സൂക്ഷിക്കുക. നടുന്നതിനു മുൻപായി ട്രൈക്കോഡെർമ്മ (5ഗ്രാം/കി.ഗ്രാം.വിത്ത്) ചാണക പാലിൽ ലയിപ്പിച്ച ലായനിയിൽ മുക്കിയിട്ടുനടുക. |

മത്സ്യ കൃഷി-മത്സ്യ കൃഷി- കാർപ് മത്സ്യങ്ങളായ കട്‌ല, റോഹു, മൃഗാൾ, ഗ്രാസ് കാർപ്പ്, സിൽവർ കാർപ്പ്, കോമണ് കാർപ്പ് എന്നീ ഇനങ്ങളെ ശുദ്ധ ജലത്തിൽ ചെയ്യാവുന്നതാണ്. ഇത് കൂടാതെ തിലാപ്പിയ, അനാബസ്, ആസ്സാം വാള, കാരി, വരാൽ തുടങ്ങിയ മത്സ്യങ്ങളെയും ശുദ്ധജലത്തിൽ കൃഷി ചെയ്യാവുന്നതാണ്.